**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 846** **31-01-2024 - ൽ മറുപടിയ്ക്ക്**

**ഹോസ്റ്റൽ ഫീസും ലംപ്സം ഗ്രാന്റും അനുവദിക്കാൻ നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഹോസ്റ്റൽ ഫീസും ലംപ്സം ഗ്രാന്റും അടക്കമുള്ള സഹായം മാസങ്ങളായി മുടങ്ങിയതോടെ പഠനം നിർത്തുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം കൂടുന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രതിസന്ധി പരിഹരിച്ച് ടി വിഭാഗത്തിന്റെ പഠനം മുടങ്ങാതിരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | (എ) | 2022-23, 2023-2024 വർഷങ്ങളിൽ ജില്ലാ ഓഫീസുകളിൽ നിന്ന് അപ്രൂവൽ ലഭിച്ച ക്ലെയിമുകൾക്ക് ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുക പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. നാളിതുവരെ 2023-24 വർഷത്തിൽ 122.16 കോടി രൂപ സ്കോളർഷിപ്പായി അനുവദിച്ചിട്ടുണ്ട്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന ക്ലെയിമുകൾക്ക് ഡയറക്ടർ ആവശ്യപ്പെട്ട അധിക തുകക്കുള്ള പ്രൊപ്പോസലിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കുടിശ്ശിക തീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ